9-ാം ശമ്പള കമ്മീഷൻ ശുപാർശ ചെയ്ത സ്കെയിലുകൾ

97 (2575) ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ഏത് വകുപ്പിലെ ഉദ്യോഗസ്ഥനാണ് ; അദ്ദേഹം പ്രസ്തുത വകുപ്പിലെ ഏത് തസ്തികയിലാണ് ജോലി ചെയ്യുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയ്ക്ക് നിലവിലെ ശമ്പളസ്കെയിൽ എത്രയാണ് ;

(സി) 9-ാം ശമ്പള കമ്മീഷൻ പ്രസ്തുത തസ്തികയ്ക്ക് ശുപാർശ ചെയ്ത സ്കെയിൽ എത്ര ; ഇതിൽ എത്ര ശതമാനം വർദ്ധന നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ മറ്റ് വകുപ്പുകളിലെ സമാന സ്കെയിലെ എല്ലാ തസ്തികകൾക്കും പ്രസ്തുത തസ്തികയ്ക്ക് ലഭിച്ച വർദ്ധന നിരക്ക് ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സഹകരണ വകുപ്പിലെ ജോയിന്റ് രജിസ്ട്രാർ തസ്തികയിലാണ് ജോലി ചെയ്യുന്നത്.

(ബി) 16650 - 23200

(സി) 36140 - 46640, 117%

(ഡി) ഇല്ല.

ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് കേരള ഗവൺമെന്റ് ഹോമിയോ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ നൽകിയ നിവേദനം

98 (2576) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശമ്പളപരിഷ്ക്കരണവുമായി ബന്ധപ്പെട്ട് കേരള ഗവൺമെന്റ് ഹോമിയോ മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ നിവേദനം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത നിവേദനത്തിലെ ആവശ്യങ്ങളെന്തൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ;

(സി) ബിരുദാനന്തര ബിരുദമുള്ള ഡോക്ടർമാർക്ക് പി.ജി. അലവൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അലോപ്പതി/ആയുർവേദ പി.ജി ഡോക്ടർമാർക്ക് നൽകുന്നരീതിയിൽ ഹോമിയോ ഡോക്ടർമാർക്കും പി.ജി. അലവൻസ് നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഇവരുടെ റൂറൽ അലവൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഗ്രാമീണ മേഖലകളിൽ ജോലിനോക്കുന്ന അലോപ്പതി ഡോക്ടർമാർക്ക് റൂറൽ അലവൻസ് ലഭിക്കുന്നുണ്ടോ ; എങ്കിൽ പ്രസ്തുത മേഖലയിൽ ജോലിനോക്കുന്ന ഹോമിയോ/ആയുർവേദ ഡോക്ടർമാർക്ക് ഈ ആനുകൂല്യം ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ജി) ഗ്രാമപ്രദേശങ്ങളിൽ ജോലി നോക്കിവരുന്ന ഒരു വിഭാഗം ഡോക്ടർമാർക്ക് റൂറൽ അലവൻസ് അനുവദിക്കുകയും മറ്റ് വിഭാഗങ്ങൾക്ക് നിഷേധിക്കുകയും ചെയ്യുന്നത് ഒഴിവാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനത്തിലെ ആവശ്യങ്ങൾക്കൂടി ഉൾപ്പെടുത്തിയാണ് കമ്മീഷൻ റിപ്പോർട്ട് നൽകിയിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചുവരുന്നതേയുള്ളൂ.

(സി&ഡി) ഹോമിയോപ്പതി വകുപ്പിൽ പി.ജി.അലവൻസ് നൽകുന്നില്ല.

(ഇ-ജി) ഹോമിയോപ്പതി വകുപ്പിലെ ഇടുക്കി, വയനാട് ജില്ലകളിലെ പ്രയാസമേറിയ സ്ഥലങ്ങളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് 3000 രൂപ നിരക്കിലും മറ്റ് പഞ്ചായത്ത് സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന ഡോക്ടർമാർക്ക് 1500 രൂപ നിരക്കിലും റൂറൽ അലവൻസ് നൽകിവരുന്നുണ്ട്. അനുവദനീയമായ HRA-യുടെ അടിസ്ഥാനത്തിലാണ് റൂറൽ അലവൻസ് തീരുമാനിച്ചിട്ടുള്ളത്.

ലൈബ്രറി ജീവനക്കാരുടെ ശമ്പള സ്കെയിലുകൾ

99 (2577) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒൻപതാം ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, സെക്രട്ടേറിയറ്റ്, കോമൺപൂൾ എന്നീ വകുപ്പുകളിൽ ലൈബ്രേറിയർ ഗ്രേഡ് 3, ലൈബ്രേറിയൻ ഗ്രേഡ് 2, ലൈബ്രേറിയൻ ഗ്രേഡ് 1 തസ്തികകളുടെ ശമ്പള സ്കെയിലുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly